യിട്ടില്ല. എങ്കിലും ഭാഗികമായ രീതിയിൽ വാട്ടർസപ്ലൈ കഴിഞ്ഞ മാസത്തിൽ തുടങ്ങുമെന്ന് മൂന്ന് മാസത്തിനുമുമ്പ് അന്നത്തെ വകുപ്പിന്റെ ചാർജ്ജ് വഹിച്ചിരുന്ന മന്ത്രി ശ്രീ. എം. പി. ഗംഗാധരൻ വിളിച്ചുകൂട്ടിയ കോൺഫറൻസിൽ സമ്മതിച്ചിരുന്നു. പക്ഷേ, പിന്നീട് വാട്ടർ അതോറിറ്റിയിൽ അന്വേഷിച്ചപ്പോഴാ മനസ്സിലായത് അതോറിറ്റിയിൽ പണം ഇല്ലാത്തതുകൊണ്ട്, അതിന്റെ ട്രാൻസ്ഫോർമർ വാങ്ങുന്നതിനും മറ്റ് അത്യാവശ്യങ്ങൾക്കുമായി 15 ലക്ഷം രൂപയില്ലാത്തതുകൊണ്ട് ഭാഗികമായിപ്പോലും വാട്ടർസപ്ലൈ കൊടുക്കാൻ സാധിച്ചിട്ടില്ല എന്നാണ്. വളരെയധികം ജലദൗർലഭ്യമുള്ള ഒരു സ്ഥലമാണ് അങ്കമാലി. കേരളത്തിൽ അറിയപ്പെടുന്ന ഏറ്റവും വലിയ ആശുപത്രി ഉള്ള ഒരു സ്ഥലമാണ് അങ്കമാലി. രോഗികൾക്ക് കുടിക്കുന്നതിനുള്ള വെള്ളംപോലും കിട്ടുന്നില്ല. അതുകൊണ്ട് അടിയന്തിരമായി 15 ലക്ഷം രൂപ കൊടുത്ത് ഇത് ഏറ്റവുംവേഗം തുടങ്ങണമെന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ അടിയന്തിരമായ ശ്രദ്ധ പതിപ്പിക്കണമെന്നാണ് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ പദ്ധതി ആദ്യം കാലടിയിലാണ് തുടങ്ങാൻ ഉദ്ദേശിച്ചിരുന്നത്. പിന്നീട് അത് അങ്കമാലിയിലേക്ക് മാറ്റി. അങ്കമാലിയിലേക്ക് മാറ്റിയ അവസരത്തിൽ സ്ഥലം കിട്ടിയില്ലെന്നാണ് ഡിപ്പാർട്ടുമെന്റിന്റെ റിപ്പോർട്ട് കൊണ്ട് കാണാൻ സാധിക്കുന്നത്. അതിനും പുറമേ റോഡ് മുറിച്ച് പോകേണ്ടതുണ്ട്. അതിന് സാങ്ഷൻ ചോദിച്ചിട്ടുണ്ട്. സാങ്ഷൻ ഇതുവരെ കിട്ടിയില്ല. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ സംഭരിക്കുന്ന കിണറിൽനിന്ന് താൽക്കാലികമായി പമ്പ് ചെയ്ത് വാട്ടർസപ്ലൈ നടത്താം. അതിനാവശ്യമായ സംഖ്യ ഈ സാമ്പത്തിക വർഷത്തിൽത്തന്നെ കണ്ടെത്തി താൽക്കാലികമായ സംവിധാനം ഏർപ്പെടുത്താം. റോഡ് മുറിച്ച് കൊടുക്കാനുള്ള സാങ്ഷൻ കിട്ടിയാൽ ഉടൻ ഏറ്റെടുക്കുകയും ചെയ്യാം.

(33) ചൂരൽ തൊഴിലാളികൾക്കാവശ്യമായ ചൂരൽ ലഭ്യമാക്കുന്നത് സംബന്ധിച്ച്

ശ്രീ. വർക്കല രാധാകൃഷ്ണൻ: കഴിഞ്ഞ നിയമസഭയിൽ ഞാൻ ഉന്നയിച്ചിരുന്ന ഒരു പ്രശ്നം വീണ്ടും വനം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. സംസ്ഥാനത്തൊട്ടാകെയുള്ള അയ്യായിരം ചൂരൽ തൊഴിലാളി കുടുംബങ്ങൾ ഇന്ന് പട്ടിണിയിലാണ്. തിരുവനന്തപുരത്തും, വർക്കലയിലും എല്ലാം ധാരാളം ആളുകൾ ഈ തൊഴിൽ ചെയ്ത് ജീവിക്കുന്നുണ്ട്. ഇവർക്ക് തൊഴിൽ ചെയ്യുന്നതിനാവശ്യമായ ചൂരൽ ലഭ്യമാകാതെ വന്നിട്ട് മാസങ്ങളും വർഷങ്ങളും പിന്നിട്ടിരിക്കുകയാണ്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ചില നടപടിക്രമങ്ങളുള്ള കാലതാമസം മൂലമാണ് ഈ ചൂരൽ ലഭ്യമാകാതെ വന്നിട്ടുള്ളത്. പരമ്പരാഗതമായ ചൂരൽ തൊഴിലാളികളെ സംരക്ഷിക്കാൻ ഗവൺമെന്റ് അടിയന്തിരമായി വനം വകുപ്പ് വഴി സിനിയറേജ്. ക്കടുന്ന ബോണഫൈഡ് സ് തൊഴിലാളികൾക്ക് പാസ് എടുത്ത് ചൂരൽ വെട്ടിച്ചുകൊണ്ടുവന്ന് ജോലി ചെയ്യുന്നതിനാവശ്യമായ ഉത്തരവ് നൽകണം. മാത്രവുമല്ല ഇക്കാര്യത്തിൽ വളരെ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന വർക്കല ചൂരൽ വ്യവസായ സഹകരണസംഘത്തിന്റെ കാര്യം എടുത്ത് പറയേണ്ടതായിട്ടുണ്ട്. അക്കാര്യത്തെക്കുറിച്ചെല്ലാം മന്ത്രിയുമായി ചർച്ചകൾ നടന്നെങ്കിലും നാളിതുവരെ ഫലപ്രദമായ യാതൊരു നടപടിയും ഉണ്ടായില്ല. അടിയന്തിരമായി ചൂരൽ ലഭിക്കുന്നതിനാവശ്യമായ പടി എടുക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : പൊതുവിൽ നമ്മുടെ വനത്തിൽ ചൂരൽ ഉല്പാദനം വളരെ കുറവാണ്. അതുകാരണം നിലവിലുള്ളതെല്ലാം ഫലപ്രദമായി സംരക്ഷിച്ചാൽ മാത്രമേ ഭാവിയിലെങ്കിലും കൂടുതൽ ഉല്പാദിപ്പിക്കാൻ കഴിയുകയുള്ളു. അതിന്റെ അടിസ്ഥാനത്തിൽ ചില നിയന്ത്രണങ്ങളെല്ലാമുണ്ടായിട്ടുണ്ട്. എങ്കിലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കിട്ടാവുന്നത്ര ചൂരൽ ഡിപ്പാർട്ടുമെന്റ് അടിസ്ഥാനത്തിൽ ശേഖരിച്ച് തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതിന് വേഗത കൂട്ടാനുള്ള നിർദ്ദേശം കൊടുക്കാം.

(34) കാസർകോട് ജില്ലയിലെ ആറായിരം രൂപയ്ക്കുള്ള വീട് നിർമ്മാണ പദ്ധതി

ശ്രീ. സി. ടി. അഹമ്മദ് അലി : കാസർകോഡ് ജില്ലയിൽ ഏകദേശം ആയിരക്കണക്കിന് ആളുകൾ ആറായിരം രൂപയ്ക്കുള്ള പദ്ധതി അനുസരിച്ചുള്ള വീടുകൾക്ക് അപേക്ഷകൾ നൽകി ഏകദേശം രണ്ട് വർഷത്തോളമായി കാത്തുകിടക്കുകയാണ്. അവർ ആയിരം രൂപ നിക്ഷേപിക്കുകയും അതുപോലെതന്നെ അവരുടെ ലാൻഡ് ഡോക്കുമെന്റുകൾ അവിടെ ഏല്പിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, ഇന്നുവരെ അവർക്ക് വീട് ലഭിക്കാത്തതുമൂലം മറ്റ് പല ആനുകൂല്യങ്ങളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവർക്ക് ഒന്നുകിൽ ആ ഡോക്കുമെന്റും ആയിരം രൂപയും തിരിച്ചുകൊടുക്കുക, അല്ലെങ്കിൽ അവർക്ക് അടിയന്തിരമായി വീട് നിർമ്മിച്ച് കൊടുക്കുക, ആയിരക്കണക്കിന് ആളുകൾ എല്ലാ ദിവസവും ഞങ്ങളെ സമീപിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായി ബന്ധപ്പെടുകയും ചെയ്യുന്നുണ്ടെങ്കിലും ഇതുവരെ വീട് നിർമ്മിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഇതിന്റെ ഗൗരവം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി കണക്കിലെടുത്തുകൊണ്ട് അടിയന്തിരമായി അവർക്ക് വീട് നിർമ്മിച്ചുകൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സന്നദ്ധസംഘടനകളുടെ സഹകരണത്തോടുകൂടി ആദ്യം ഇരുപത്തയ്യായിരം വീടുകൾക്കുള്ള ഒരു പദ്ധതിയാണ് ഗവൺമെന്റ് അംഗീകരിച്ചത്. ഈ 25,000 വീടുകളുടെ പണി പൂർത്തിയായി. എന്നാൽ അതോടൊപ്പം കൂടുതൽ അപേക്ഷകൾ കിട്ടുകയുണ്ടായി. രണ്ടാമത് ഒരു പദ്ധതിക്ക് അംഗീകാരം കിട്ടുവാൻ കുറെ കാലതാമസം ഉണ്ടായി. അതിനുശേഷം അംഗീകാരം കിട്ടിയതിന്റെ ആദ്യ ഗഡു കൊടുത്തു കഴിഞ്ഞു. ഇനി കൊടുക്കാത്ത കേസുകൾ വളരെ പരിമിതമാണ്. മൊത്തത്തിൽ അതിന്റെ കണക്കുകൾ നോക്കി ആധാരങ്ങളിൽ എന്തെങ്കിലും കുറവൊക്കെയുള്ള കേസുകൾ ആണ് ബാക്കിയുള്ളത്. അത് കറക്റ്റ് ചെയ്തതിനുശേഷമേ കൊടുക്കാൻ നിവൃത്തിയുള്ളു. ഹഡ്കോയിൽ നിന്നുള്ള വായ്പയാണ്. പത്തോ നൂറോ കേസുകളുടെ കാര്യമാണ് ആയിരം കണക്കിന് ഉണ്ടെന്നാണ് പറയുന്നത്. അത് ശരിയല്ല. ഇപ്പോഴത്തെ ഈ ഒരു ലക്ഷം വീടിന്റെ പദ്ധതിയിൽ എൺപത്തിആറായിരം ആളുകൾക്ക് ആദ്യ ഗഡു കൊടുത്തു കഴിഞ്ഞു. 2-ാം ഗഡുവും കൊടുത്തു തുടങ്ങിയിരിക്കുകയാണ്. ബാക്കിയുള്ളതും എട്ട് പത്ത് ദിവസത്തിനുള്ളിൽ നൽകി ഒരുലക്ഷം പേർക്ക് തികച്ചു കൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly